**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1316** **04-07-2022 - ൽ മറുപടിയ്ക്ക്**

**എൻ ഊര് ഗോത്ര പൈതൃക ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എ. രാജ,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വനമേഖലയോട് ചേർന്നുള്ള പട്ടിക ഗോത്ര വിഭാഗങ്ങളുടെ സംസ്കാരവും പൈതൃകവും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച എൻ ഊര് ഗോത്ര പൈതൃക ഗ്രാമം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | പട്ടികവർഗ്ഗങ്ങളുടെ സംസ്കാരവും, പൈതൃവവും , കലയും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതും, ഈ വിഭാഗത്തിൽ പ്പെടുന്നവർക്ക് സ്ഥിര വരുമാനമാർഗ്ഗം ലക്ഷ്യമിട്ടുമാണ് എൻ ഊര് പദ്ധതിക്ക് സർക്കാർ രൂപം നൽകിയത്. പദ്ധതിയുടെ ഒന്നാം ഘട്ടം പട്ടികവർഗ്ഗ വികസന വകുപ്പും, രണ്ടാം ഘട്ടം ടൂറിസം വകുപ്പുമാണ് നിർവ്വഹിച്ചത്.<br><br>പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പട്ടിക വർഗ്ഗ വികസന വകുപ്പ് 3 കോടി രൂപയും രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾക്കായി വിനോദ സഞ്ചാര വകുപ്പ് 4.53 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒന്നാം ഘട്ടത്തിൽ അനുവദിച്ച 3 കോടി രൂപയിൽ നിർമ്മിച്ച കെട്ടിടങ്ങളുടെ ഉദ്ഘാടനം 2020 നവംബർ 4 ന് പട്ടിക വർഗ്ഗ വികസന വകുപ്പ് മന്ത്രി നിർവ്വഹിച്ചിട്ടുണ്ട്. ആയതിൽ ട്രൈബൽ മാർക്കറ്റ്, വെയർ ഹൗസ്, ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, ട്രൈബൽ കഫറ്റീരിയ, ടിക്കറ്റ് കൗണ്ടർ എന്നിവയാണ് ഉൾപ്പെടുന്നത്.<br><br>പദ്ധതിയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനോദസഞ്ചാര വകുപ്പ് 4.53 ( നാല് കോടി അൻപത്തി മൂന്ന് ലക്ഷം രൂപ മാത്രം) കോടി രൂപ അനുവദിച്ചതിൽ ഉൾപ്പെടുന്ന ഘടകങ്ങൾ താഴെ പറയുന്നവയാണ്.<br><br>1. ഹെറിറ്റേജ് വാക്ക് വേ<br><br>2. ആംഫി തിയേറ്റർ<br><br>3. കഫെറ്റീരിയ |

| | | | |
|---|---|---|---|
| | | | 4. ട്രൈബൽ ഇന്റർപ്രട്ടേഷൻ സെന്റർ<br><br>5. ടിക്കറ്റ് കൗണ്ടർ<br><br>6. ചുറ്റുവേലി<br><br>7. ആർട്ട് & ക്രാഫ്റ്റ് വർക്ക് ഷോപ്പ്<br><br>8. സ്കൾപ്ചർ വർക്ക്<br><br>9. ഇലക്ട്രിക്കൽ & പ്ലംബിങ് വർക്കുകൾ<br><br>10. ഇന്റീരിയർ വർക്സ്<br><br>ഇവ കൂടാതെ എൻ ഊര് പൈതൃക ഗ്രാമത്തിന്റെ റോഡ് നിർമ്മാണത്തിനായി പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും 2,48,60,000/- (രണ്ട് കോടി നാൽപ്പത്തി എട്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രൂപ കൂടി അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>എൻ ഊര് പൈതൃക ഗ്രാമത്തിന്റെ ഔദ്യോഗിക ഉദ്ഘാടന കർമ്മം പട്ടിക വർഗ്ഗ വികസന വകുപ്പ് മന്ത്രിയും ടൂറിസം വകുപ്പ് മന്ത്രിയും 04.06.2022 ന് നിർവ്വഹിച്ച് സഞ്ചാരികൾക്കായി തുറന്നു നൽകിയിട്ടുണ്ട്. എൻ ഊര് ചാരിറ്റബിൾ സൊസൈറ്റിയാണ് ഈ വിനോദസഞ്ചാര കേന്ദ്രം നടത്തുന്നത്. |
| (ബി) | ഏതെല്ലാം വകുപ്പുകളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | വിനോദസഞ്ചാര വകുപ്പ്- പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് തുടങ്ങിയ വകുപ്പുകൾ ചേർന്നാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പ് എന്തെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ; | (സി) | പദ്ധതിയുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പ് താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഹെറിറ്റേജ് വാക്ക് വേ<br><br>ആംഫി തിയേറ്റർ<br><br>കഫെറ്റീരിയ<br><br>ട്രൈബൽ ഇന്റർപ്രട്ടേഷൻ സെന്റർ<br><br>ടിക്കറ്റ് കൗണ്ടർ<br><br>ചുറ്റുവേലി<br><br>ആർട്ട് & ക്രാഫ്റ്റ് വർക്ക് ഷോപ്പ്<br><br>സ്കൾപ്ചർ വർക്ക് |

| | | | |
|---|---|---|---|
| | | | ഇലക്ട്രിക്കൽ & പ്ലംബിങ് വർക്കുകൾ<br><br>ഇന്റീരിയർ വർക്സ് |
| (ഡി) | പ്രസ്തുത പദ്ധതി വഴി ഗോത്രവർഗ്ഗ ജനതയുടെ സംസ്കാരവും വൈദഗ്ദ്ധ്യവും സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനും ഗോത്രവർഗ്ഗ ജനതയ്ക്ക് സ്ഥിരവരുമാന മാർഗ്ഗമായി ഇതിനെ മാറ്റിത്തീർക്കാനും കഴിയുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഈ പദ്ധതി കൂടുതൽ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഗോത്രവർഗ്ഗ ജനതയ്ക്ക് സ്ഥിര വരുമാനമായി ഈ പദ്ധതി മാറുമെന്ന് പ്രതീക്ഷിക്കുന്നു. കൂടുതൽ കേന്ദ്രങ്ങളിലേക്ക് വ്യപിപ്പിക്കുന്നത് പട്ടിക വർഗ്ഗ വികസനവകുപ്പുമായി ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ